പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6711 — 10.07.2014-ൽ മറുപടിക്ക്

## വയോജന ആരോഗ്യ പരിപാലന ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>,, പി. സി. ജോർജ് :<br>,, എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഉതകുന്ന ഏതെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ : | (എ) വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിന് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും, ഈ മേഖലയിൽ നടത്തപ്പെട്ട പഠനങ്ങളിൽ വ്യക്തമാക്കപ്പെട്ട വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികമായ പ്രശ്നങ്ങളുടെ പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഓരോ സാമ്പത്തിക വർഷവും പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വയോജനങ്ങൾക്ക് പൊതുവെ കാണപ്പെടുന്ന രോഗങ്ങൾക്കുള്ള ചികിത്സാരീതികൾ അതിന് ഉതകുന്ന ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിൽ ആരോഗ്യ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ട്. ജെറിയാട്രിക് വാർഡുകൾ, ക്ലിനിക്കുകൾ, ക്യാമ്പുകൾ, കൃത്രിമ ശ്രവണ സഹായികൾ, കൃത്രിമ ദന്തം തുടങ്ങിയവയുടെ വിതരണം, പക്ഷാഘാത പുനരധിവാസ ക്ലിനിക്കുകൾ, വൃദ്ധജനങ്ങൾക്കാവശ്യമായ അവശ്യ ഉപകരണങ്ങളുടെ (വീൽ ചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസ്) വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ പഠനങ്ങളുടെ വെളിച്ചത്തിലാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കിയത്. കൂടാതെ സാമൂഹ്യ നീതി വകുപ്പ്, മെഡിക്കൽ കോളേജുകൾ, നിംഹാൻസ് പോലുള്ള ഉന്നത പഠന കേന്ദ്രങ്ങളുമായും വയോജന ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ |

സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആവശ്യത്തിനായി എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചും ജെറിയാട്രിക് വാർഡുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ജില്ലാ ആശുപത്രികൾ തോറും വയോജന ആരോഗ്യ പരിപാലന ക്ലിനിക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും ക്ലിനിക്കുകളും ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു. സംസ്ഥാനത്തെ മിക്ക ജില്ലാ ആശുപത്രികളിലും ഈ സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. (നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലി) -യുടെ ഭാഗമായി പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ. ആലപ്പുഴ, കോഴിക്കോട് എന്നി ജില്ലാ ആശുപത്രികളിൽ വയോജനങ്ങൾക്കായുള്ള പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

(സി) ആരോഗ്യ - സാമൂഹ്യ ക്ഷേമ വകുപ്പുകൾ കൈകോർത്തു കൊണ്ട് ജില്ലാ ആശുപത്രിക്ക് കീഴിൽ വയോജനങ്ങൾക്ക് അവർക്ക് ഇഷ്ടമുള്ള രീതിയിൽ ചികിത്സ നേടാൻ ഉതകുന്ന തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) വൃദ്ധജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുവാൻ കോർപ്പറേഷൻ, മുൻസിപ്പൽ ഏരിയകളിൽ സാമൂഹ്യ - സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 'വയോമിത്രം' പദ്ധതിയ്ക്ക് ആരോഗ്യ വകുപ്പ് സാങ്കേതിക സഹായവും മറ്റ് അനുബന്ധ സഹായങ്ങളും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ